# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: K.S.A/KLM/P5/1356 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/03/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A/KLM/P5/1356 /2021 തീയ്യതി: 31/03/2022

## കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. മഞ്ജുളസാഗർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. പത്മകുമാരി.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിഷ്ണുപ്രിയ.കെ, ഓഡിറ്റർ
ശ്രീമതി. അമല സെർമിയസ്, ഓഡിറ്റർ
ശ്രീമതി. ഹർഷ.എൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അംബിക കുമാരി.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.നസീമ.വി.എഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നസീമ.വി.എഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.ആർ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.പി.വി.അരുണോദയ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ്.ആർ.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.വിജയ് ദിവാകർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷൈലജ.എസ്സ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.സുരേഷ്കുമാർ.എസ്സ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.ഉണ്ണികൃഷ്ണൻ.ജി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ.സന്തോഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-12-2019 |
| ശ്രീമതി.അനിത | അസിസ്റ്റന്റ് എഞ്ചിനീയർ | 31-12-2019 | 31-03-2020 |
| ശ്രീ.സതീഷ്കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 01-04-2019 | 17-02-2020 |
| ശ്രീമതി.സുജിത രാമചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 18-02-2020 | 31-03-2020 |
| ശ്രീമതി.മഞ്ജുഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 01-04-2019 | 09-12-2019 |
| ശ്രീ.ചാരുതാർത്ഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 10-12-2019 | 31-03-2020 |
| ശ്രീമതി.പ്രതീക്ഷ സത്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ3 | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vishnu Priya K (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-2 |
| 3 | വാർഷികകണക്ക് പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 26-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-7 |
| 10 | തൊഴിൽരഹിത വേതന പദ്ധതി - അപാകതകൾ<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-7-1 |
| 11 | പെൻഷണറുടെ മരണശേഷം പെൻഷൻ അനുവദിച്ചു.<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-7-2 |
| 12 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി<br>Written By: Vishnu Priya K (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-7-3 |
| 13 | ക്യാഷ് പരിശോധന<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Amala Sermius (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-10 |
| 16 | ഡെയിലി കളക്ഷൻ തുക ഒടുക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി.<br>Written By: Amala Sermius (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-11 |

| | | |
|---|---|---|
| 17 | ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.<br><br>Written By: Amala Sermius (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-12 |
| 18 | മാന്വൽ രസീതുകളും, പ്രിന്റഡ് രസീതുകളും സ്റ്റോക്ക് കൃത്യമല്ല.<br>Written By: Vishnu Priya K (Auditor, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-13 |
| 19 | രസീതുകളുടെ സ്റ്റോക്കിൽ കൃത്യതയില്ല.<br>Written By: Vishnu Priya K (Auditor, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-13-1 |
| 20 | സൂചിക രസീത് സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണം<br>Written By: Vishnu Priya K (Auditor, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-13-2 |
| 21 | മോട്ടോർ ഫീസ് ഈടാക്കിയില്ല - ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി<br>Written By: Harsha L (Auditor, On 21-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-14 |
| 22 | തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന അനിവാര്യം - വൈദ്യുത ചാർജ്ജിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു.<br>Written By: Vishnu Priya K (Auditor, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-15 |
| 23 | ക്ലാസ് മുറികളിലെ ഫാൾസ് സീലിംഗ് പ്രവൃത്തിയിലെ തകരാർ - മോണിറ്ററിംഗ് നടത്തിയില്ല<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-16 |
| 24 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-17 |
| 25 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല<br>Written By: Naveen Chandran (Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-18 |
| 26 | സെന്റേജ് ചാർജ് അധികമായി നൽകി<br>Written By: Manjula Sagar (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-19 |
| 27 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-20 |
| 28 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം നൽകൽ- രേഖകൾ ലഭ്യമല്ല<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-02-2022) | 1-21 |
| 29 | എസ്.0003/20- ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-22 |
| 30 | ജീവനം ഡയാലിസിസ് - രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Manjula Sagar (Asst. Audit Officer, On 20-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-23 |
| 31 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Padmakumari L (Asst. Audit Officer, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 1-24 |
| 32 | ലേലതുക നാളിതുവരെ അടവാക്കിയിട്ടില്ല<br>Written By: Amala Sermius (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-02-2022) | 1-25 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vishnu Priya K (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vishnu Priya K (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vishnu Priya K (Auditor, On 18-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 15-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vishnu Priya K (Auditor, On 22-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vishnu Priya K (Auditor, On 19-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

06.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 13.03.2020 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 22.06.2020 | | |

### 1-2-1 വാർഷികകണക്ക് പരിശോധന

1. ലോൺ രജിസ്റ്റർ 2018-19, 2019-2020 വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരം ലൈഫ് ലോൺ (തിരിച്ചടവ്) മുന്നിരിപ്പ് 48554132/- രൂപയും തൻവർഷം ലോൺ ഇനത്തിൽ ലഭിച്ച തുക 17400000/-രൂപയുമാണ്. ലൈഫ് ലോൺ തിരിച്ചടവ് 2019-20ൽ സോഴ്സിൽ കുറവ് ചെയ്ത തുക 5117647/-*രൂപയുമാണ്. ( വികസനഫണ്ട് ജനറൽ & എസ്. സി. പി).* ബാലൻസ് ഷീറ്റിൽ തൻ വർഷ നീക്കിയിരിപ്പായി ഉൾപ്പെടുത്തേണ്ടിയിരുന്ന തുക 60836485/-രൂപയാണെങ്കിലും ഉൾപ്പെടുത്തിയിട്ടുള്ളത് 59649293/-രൂപയാണ്. 1187192/- രൂപയുടെ വ്യത്യാസത്തിന്റെ കാരണം ബോധ്യപ്പെടുത്തിയിട്ടില്ല.

2. വിവിധ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ വാങ്ങിയിട്ടുള്ള തുകകൾ, തിരികെ നൽകിയ തുകകൾ എന്നിവ രജിസ്റ്ററിലെ തുകകളും അക്കൗണ്ട്സിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ് ഷീറ്റിൽ അദർ ഡെപ്പോസിറ്റ് എന്ന ഹെഡിൽ (340109901) ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 1116506/-രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. ടി തുക ഡെപ്പോസിറ്റ് രജിസ്റ്ററിലും ഉൾപ്പെട്ടിട്ടില്ല.

4. ക്യാപിറ്റൽ വർക്കിൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പുതിയ ആസ്തികളുടെ ഉൾപ്പെടുത്തൽ ആസ്തികളുടെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. പണം ആകാത്ത ചെക്കുകളിൽ ഉൾപ്പെട്ട ചെക്ക് നം. 2853390/26-9-17 (5554/-) രൂപ സ്റ്റെയ്ൽ ചെക്ക് ആയി ഉൾപ്പെടുത്തിയിട്ടില്ല.

7. ഐ സി ഡി എസ് സെൻട്രൽ ഷെയർ ചെലവ് തുക ചെലവ് രേഖകൾ പ്രകാരം 1437556/-രൂപയാണെങ്കിലും അക്കൗണ്ട്സിൽ ചെലവായി ഉൾപ്പെട്ടിട്ടുള്ളത് 1687156/- രൂപയാണ്.

8. വാർഷികകണക്ക് പ്രകാരമുള്ള എൻ.ആർ.ഇ.ജി.എസ് വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ, ക്യാഷ്ബുക്ക് ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല .

9. പ്രോപ്പർട്ടി ടാക്സ് കുടിശ്ശിക തുകകളായി 2018-19 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളും 2019-20 സഞ്ചയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

10. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല.

11. വാടക കുടിശ്ശിക (Current) B 15 Schedule-ൽ 1372572/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും Register പ്രകാരം 583276/-രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 81973254/- |
| വരവ് | 164691391/- |
| ആകെ | 246664645/- |
| ചെലവ് | 172698815/- |
| നീക്കിയിരിപ്പ് | 73965830/- |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4270595/- |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | 2019-20 ൽ ക്യൂ ബിൽ ആയ തുക (രൂപ) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 26264000/- | 26264000/- | 26262794/- | 1206/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 24251000/- | 24251000/- | 16907877/- | 7343123/- | 6544630/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | | | | | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 20077950/- | 20077950/- | 9192096/- | 10885854/- | 3899568/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 12324000/- | 12324000/- | 5205393/- | 7118607/- | 5266917/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 4872000/- | 4872000/- | 4007010/- | 864990/- | 850205/- |
| | | | | ആകെ | | |

| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|---|---|---|---|
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 29400000/- | 29400000/- | 26800000/- | 2600000/- |
| കേരളോത്സവം | 0 | 20000/- | 20000/- | 20000/- | |
| ശുചിത്വമിഷൻ ഗ്രാന്റ് | 105568/- | 17000/- | 122568/- | 122568/- | 0 |

| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|---|---|---|---|
| ICDS | 2641949/- | 1523662/- | 4165611/- | 1437556/- | 2728055/- |
| TSC | 1485214/- | 51392/- | 1536606/- | 36000/- | 1500606/- |
| PYCKA | 80319/- | 0 | 80319/- | 0 | 80319/- |
| MNREGS ഭരണചെലവുകൾ | 24847/- | 1653704/- | 1678551/- | 1674541/- | 4010/- |

## 1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട്, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്ത ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഫണ്ടിനം | ഒ.ബി | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 21062102/- | 26262796/- | 5200694/- |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 23148059/- | 16907677/- | 6240382/- |
| സി.എഫ്.സി. അൺ ടൈഡ് | 0 | 20077950/- | 9192096/- | 10885854/- |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 4872000/- | 4007010/- | 864990/- |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 12324000/- | 5205393/- | 7118607/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 299242624/- | 143 | 145316448/- | 36 | 150 | 54.4% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പ്രോ.നം.140 – ബ്രോയിലർ പാർക്ക് (വനിതകൾക്ക്)

2) പ്രോ.നം.143 – വനിതാഗ്രൂപ്പുകൾക്ക് റൈസ് മിൽ

3) പ്രോ.നം.145 – സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം

4)പ്രോ.നം.156 – തൊഴിൽരഹിതരായ പട്ടികജാതിയുവാക്കൾക്ക് പിക്ക് അപ്പ് /ഓട്ടോറിക്ഷ സബ്സിഡി

5) പ്രോ.നം.182 – എൻ.എച്ച്. മേവനക്കോണം ഏലാറോഡ് റീടാറിംഗ് വാർഡ് നം - 21

6) പ്രോ.നം.185 – പഞ്ചായത്ത് ഓഫീസിൽ മാലിന്യനിർമ്മാർജന ഉപകരണം സ്ഥാപിക്കൽ

7) പ്രോ.നം.209 – അംഗൻവാടി കെട്ടിട നിർമ്മാണം നമ്പർ - 102 വാർഡ് 17

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24,847/- | 16,53,704/- | 16,78,551/- | 16,74,541/- | 4010/- |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27,586,009/- | 27,586,009/- | 27,586,009/- | 0 |
| ആകെ | 24,847/- | 29,239,713/- | 29,264,560/- | 29,260,550/- | 4010/- |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 769,200/- | 424 |
| കർഷകതൊഴിലാളി പെൻഷൻ | 977,400/- | 805 |
| വിധവാപെൻഷൻ | 80,28,000/- | 6637 |
| വാർദ്ധക്യകാലപെൻഷൻ | 14,644,800/- | 12837 |
| വികലാംഗപെൻഷൻ | 26,40,600/- | 2110 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 57,600/- | - |

1-7-1 തൊഴിൽരഹിത വേതന പദ്ധതി - അപാകതകൾ

18 നും 35 നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് താത്ക്കാലിക സഹായം നൽകുന്നതിന് ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച പദ്ധതിയാണ് കേരളതൊഴിൽ രഹിത വേതനപദ്ധതി. പഞ്ചായത്തിൽ നടപ്പാക്കിവരുന്ന തൊഴിൽ രഹിത വേതന പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. അപേക്ഷകൾ ക്രമരഹിതം

തൊഴിൽ രഹിതവേതനം കൈപ്പറ്റിയവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഇവ 2015, 2016, 2017 വർഷങ്ങളിൽ ലഭിച്ചവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഹാജരാക്കിയ എല്ലാ അപേക്ഷകളിലും ഇൻവേഡ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല. അപേക്ഷകൾ പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷകന്റെ അർഹത സംബന്ധിച്ച റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷ നമ്പർ ഇല്ലാത്തത്

| പേര് | റോൾ നം. | തുക അനുവദിച്ച കാലയളവ് | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|
| മീര.ആർ | 2009 | 8/15 മുതൽ | 29.07.19 ലെ നം. 1(9) |
| ദീപാ തമ്പി | 2014 | 10/18 മുതൽ | 29.07.19 ലെ നം. 1(9) |
| ഉമേഷ്.എം | 2008 | 8/15 മുതൽ | 29.07.19 ലെ നം. 1(5) |
| ബിന്ദു. | 2022 | 11/17 മുതൽ | 29.07.19 ലെ നം. 1(5) |
| അഞ്ചു സുഗതൻ | 2024 | 9/17 മുതൽ | 29.07.19 ലെ നം. 1(5) |
| ശരത്ത്.എസ്സ് | 1957 | 9/17 മുതൽ | 29.06.18 ലെ നം. 1(1) |
| അനുഅച്ചൻകുഞ്ഞ് | 1958 | 5/17 മുതൽ | 29.06.18 ലെ നം. 1(1) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ രണ്ട് സെറ്റ് അപേക്ഷയാണ് ഫ്രണ്ട് ഓഫീസ് വഴി ഇൻവേഡ് നമ്പർ ഇട്ട് സ്വീകരിക്കുന്നതെന്നും വേതനം

അനുവദിച്ച ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഒരു സെറ്റ് അപേക്ഷ എംപ്ളോയ്മെന്റ് ഓഫീസിലേക്ക് കൈമാറുമെന്നും അറിയിച്ചു. ഒരു സെറ്റ് അപേക്ഷകളിൽ മാത്രമെ ഇൻവേഡ് നമ്പർ രേഖപ്പെടുത്തുകയുള്ളു എന്നും ഇൻവേഡ് നമ്പർ അടങ്ങിയ അപേക്ഷകൾ എംപ്ളോയ്മെന്റ് ഓഫീസിലേക്ക് കൈമാറിയിട്ടുള്ളതിനാലാകാം അപേക്ഷകളിൽ ഇൻവേഡ് നമ്പർ രേഖപ്പെടുത്താത്തത് എന്നുമാണ് ഹാജരാക്കിയ എല്ലാ അപേക്ഷകളിലും ഇൻവേഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിന് നൽകിയ വിശദീകരണം. അപേക്ഷകളിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഹിയറിംഗ് നടത്തി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വേതനം അനുവദിക്കുന്നത് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഹിയറിംഗ് നടത്തിയതിന്റെ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷകന്റെ ഒപ്പു രേഖപ്പെടുത്താത്ത അപേക്ഷകളിലും വേതനം അനുവദിച്ചിട്ടുണ്ട്.

ഉദാഹരണം. ശരത്ത്.എസ്സ്, റോൾ നം. 1957, തുക അനുവദിച്ച കാലയളവ് - 9/17 മുതൽ, അംഗീകരിച്ച കമ്മിറ്റി തീരുമാനം - 29.06.18 ലെ നം. 1(1). ആയതിനാൽ ഹിയറിംഗ് നടത്തി ആവശ്യമായ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് വേതനം അനുവദിക്കുന്നത് എന്ന മറുപടി അംഗീകരിക്കാനാകില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വേതനം അനുവദിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II. അപേക്ഷകളിൽ നടപടി എടുത്തിരിക്കുന്നത് രണ്ടും മൂന്നും വർഷങ്ങൾക്കുശേഷം

കേരള തൊഴിൽ രഹിത വേതന പദ്ധതി വ്യവസ്ഥകളിലെ ചട്ടം 6(ii)ൽ അപേക്ഷയിൽ മേൽ അന്വേഷണം നടത്തി 45 ദിവസത്തിനകം വേതനം അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2015, 2016 , 2017 വർഷങ്ങളിൽ വന്ന അപേക്ഷകളും രണ്ടു വർഷത്തിനു ശേഷം മുൻകാല പ്രാബല്യത്തിൽ തുക അനുവദിച്ചു നൽകുന്ന രീതിയാണ് തുടരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷകൾ മുൻകാല പ്രാബല്യത്തിൽ അംഗീകരിച്ചത്

| പേര് | റോൾ നം. | അപേക്ഷ നം. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | തുക അനുവദിച്ച കാലയളവ് |
|---|---|---|---|---|
| വിൻസി. വി | 1912 | 700/16 /27.01.16 | 29.06.18ലെ നം. 1(1) | 2/16 മുതൽ |
| അർച്ചന. വി | 1916 | 7088/16 /15.07.16 | 29.06.18ലെ നം. 1(1) | 7/16 മുതൽ |
| അശ്വതി.ടി.എസ്സ് | 1911 | 4789/15/11.06.15 | 29.06.18ലെ നം. 1(1) | 7/15 മുതൽ |
| ശ്യാം. എസ്സ് | 1919 | 6075/31.07.15 | 29.06.18ലെ നം. 1(1) | 8/15 മുതൽ |
| പ്രീത പ്രസന്നൻ | 1966 | 797/24.01.15 | 21.01.19 ലെ നം. 1(3) | 4/18 മുതൽ |

2015, 2016, 2017, 2018 വർഷങ്ങളിലായി ലഭിച്ച 85 അപേക്ഷകൾക്ക് അംഗീകാരം നൽകിയിരിക്കുന്നത് 29.06.18ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1) നം തീരുമാനത്തിലാണ്. 29.07.19ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(5) നം. തീരുമാനത്തിൽ 33 അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ ഒരു അപേക്ഷ മാത്രമാണ് 2019ൽ ലഭിച്ചത്. മറ്റുള്ളവയെല്ലാം 2015, 2016, 2017, 2018 വർഷങ്ങളിലായി ലഭിച്ചവയാണ്. 45 ദിവസത്തിനകം വേതനം അനുവദിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടാണ് അപേക്ഷകൾ പരിഗണിക്കുന്നതെന്നും പഞ്ചായത്ത്ഓഫീസ് താഴത്തെനിലയിൽ നിന്നും മുകളിലേക്ക് മാറ്റിയപ്പോൾ കുറച്ച് അപേക്ഷകൾ

ശ്രദ്ധയിൽപ്പെടാതെ മാറിയിരുന്നതാണ് കാലതാമസം വരാൻ ഇടയാക്കിയതും എന്നാണ് എൻക്വയറിസ്റ്റ് നൽകിയിരിക്കുന്ന വിശദീകരണം. ഫ്രണ്ട് ഓഫീസ് വഴി ഇൻവേഡ് നമ്പർ ഇട്ട് സ്വീകരിക്കുന്ന അപേക്ഷകൾ 3 വർഷം വരെ തീർപ്പാകാതെ അവശേഷിച്ചിട്ടും അപേക്ഷകൾ മാറിയിരുന്ന എന്ന കാരണത്താൽ സമയബന്ധിതമായി പരിഹാര നടപടികൾ സ്വീകരിക്കാതിരുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും, കാലതാമസത്തിനും, ചട്ടങ്ങൾ ലംഘിച്ച് വേതനം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

III. പ്രായപരിധി കഴിഞ്ഞ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉപയോഗിച്ച് ട്രഷറിയിൽ നിന്ന് തുക അനുവദിപ്പിക്കപ്പെട്ടതിനു ശേഷം ആയത് പുതിയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നു.

9/2019 ൽ അനുവദിച്ച 12/18 -7/19 ലെ വേതനത്തുകയായ 470400/-രൂപയിൽ (വൌച്ചർ നം. 31900178/2.09.19, ചെക്ക് നം.498174/2.09.19), 464520/-രൂപ 488 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. 5880/-രൂപ തിരികെ ഒടുക്കിയിട്ടുണ്ട്.

വൌച്ചറിൽ 490 ഗുണഭോക്താക്കളുടെ ലിസ്റ്റ് ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്, എന്നാൽ ഇതിൽ 93 ഗുണഭോക്താക്കളും പ്രായപരിധി കഴിഞ്ഞ് രജിസ്റ്ററിൽ ക്ലോസ്സ് ചെയ്തിട്ടുള്ളവരാണ്. 29.06.18, 21.01.19, 29.07.19 തീയതികളിൽ മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ച ലിസ്റ്റിൽ ഉള്ള 101 പേർക്ക് ഇതിൽ നിന്നും തുക നൽകിയിട്ടുണ്ട്. മുൻകാല പ്രാബല്യത്തോടെ വിതരണം ചെയ്യുന്നതിനാൽ 9/2019 ൽ അനുവദിച്ച 12/18 – 7/19 ലെ വേതനതുക, വേതനവിതരണ രജിസ്റ്ററിൽ ഓരോ ഗുണഭോക്താക്കൾക്കും വ്യത്യസ്ത കാലയളവുകളിലെ തുകകളായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

IV. തൊഴിൽ രഹിത വേതന വിതരണ രജിസ്സറിലെ അപാകതകൾ

തൊഴിൽ രഹിത വേതന വിതരണ രജിസ്സറിൽ എല്ലാ ഗുണഭോക്താക്കളും രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. വ്യത്യസ്ത കാലയളവുകളിലെ വേതന വിതരണമായതിനാൽ തൊഴിൽ രഹിത വേതന വിതരണ രജിസ്സറിൽ രേഖപ്പെടുത്താൻ വിട്ടുപോകുന്നവയിൽ ഇതിനുശേഷമുള്ള അലോട്ട്മെന്റിൽ 3/20 ൽ അനുവദിച്ച 6 മാസത്തെ തുക മുൻകാലയളവിലെ വേതനമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് അധികമായി വേതനം കൈപ്പറ്റുന്നതിന് കാരണമായിട്ടുണ്ട്.

ഉദാഹരണം - രോഹിണി.എസ്സ്.ആർ , (റോൾനം. 2002), സിജു ചാക്കോ (റോൾനം. 2001), 9/2019 ൽ അനുവദിച്ച 12/18 – 7/19 ലെ വേതനം 960/-രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തൊഴിൽ രഹിത വേതന വിതരണ രജിസ്സറിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇതിനുശേഷം 3/20 ൽ അനുവദിച്ച 6 മാസത്തെ തുക 12/18 – 5/19 ലെ വേതനമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (720/-).

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തിരക്കുള്ള സമയമായതിനാൽ അക്വറ്റിൻസ് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി അർഹതയുള്ള കാലയളവിലേക്ക് വേതനം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

V. ബാങ്ക് അക്കൌണ്ടുവഴി വിതരണം ചെയ്ത തുക തൊഴിൽ രഹിത വേതന വിതരണ രജിസ്സറുമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സ.ഉ (അച്ചടി)നം 139/2019/ധന.തീയതി 15.10.2019 പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അലോട്ട്മെന്റായി ലഭിക്കുന്ന തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും ഗുണഭോക്താവിന്റെ

അക്കൌണ്ട് വഴി വിതരണം ചെയ്യാൻ തീരുമാനിച്ചതിനാൽ 2020 മാർച്ച് മാസം അലോട്ട്മെന്റായി ലഭിച്ച 304680/-രൂപ 424 ഗുണഭോക്താക്കൾക്കായി ബാങ്ക് അക്കൌണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. ഹാജരാക്കിയ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ റോൾ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് തൊഴിൽ രഹിത വേതന വിതരണ രജിസ്റ്ററുമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബിംസ് സോഫ്റ്റ് വെയറിൽ ബെനിഫിഷ്യറി ലിസ്റ്റ് അപ് ലോഡ് ചെയ്യുമ്പോൾ ഗുണഭോക്താവിന്റെ റോൾ നമ്പർ രേഖപ്പെടുത്താൻ സാധ്യമാകാത്തതാണ് എന്നാണ് ഇതിനു നല്കിയിരിക്കുന്ന വിശദീകരണം. രജിസ്റ്ററിൽ നിന്നും റോൾ നമ്പർ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റും രജിസ്റ്ററും പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 12/14.09.21, 19/17.09.21

1-7-2 പെൻഷണറുടെ മരണശേഷം പെൻഷൻ അനുവദിച്ചു.

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണമടഞ്ഞതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക(രൂപ) | അനർഹമായ കാലയളവ് |
|---|---|---|---|---|---|---|
| 1 | സുഗുണൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103610203627 | 01.02.19 | 6000/- | 2/19-7/19 |
| 2 | സഹദേവൻ | വാർദ്ധക്യകാല പെൻഷൻ | 103610201558 | 21.02.19 | 3000/- | 3/19-4/19 |
| 3 | സുഗുണൻ | വാർദ്ധക്യകാല പെൻഷൻ | 103610202957 | 10.04.19 | 3000/- | 3/19-4/19 |
| 4 | സുപ്രഭ | വാർദ്ധക്യകാല പെൻഷൻ | 103610204919 | 7.04.19 | 1600/- | 4/19 |
| 5 | ഗോപാലകൃഷ്ണപിള്ള | വാർദ്ധക്യകാല പെൻഷൻ | 103610204929 | 17.05.19 | 3600/- | 5/19-7/19 |
| 6 | ബാബുരാജൻ | വാർദ്ധക്യകാല പെൻഷൻ | 103610201597 | 4.05.19 | 3600/- | 5/19-7/19 |
| 7 | സാറാമ്മ ജോർജ്ജ് | വാർദ്ധക്യകാല പെൻഷൻ | 103610204652 | 13.06.19 | 1500/- | 7/19 |
| 8 | ബാലൻ | വാർദ്ധക്യകാല പെൻഷൻ | 103610203600 | 24.06.19 | 1200/- | 7/19 |
| 9 | തുളസീധരൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 103610205481 | 23.04.19 | 3600/- | 5/19-7/19 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ചെല്ലമ്മ | വാർദ്ധക്യകാല പെൻഷൻ | 103610203800 | 22.06.19 | 600/- | 7/19 |
| 11 | രാഘവൻ | കർഷകപെൻഷൻ | 103610100196 | 16.12.19 | 24500/- | 1/20-8/21 |
| 12 | പത്മിനിഅമ്മ | വിധവാപെൻഷൻ | 103610602159 | 14.12.19 | 32000/- | 12/19-08/21 |
| 13 | തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ | 103610202854 | 4.12.19 | 32000/- | 12/19-08/21 |
| 14 | ഭവാനി | വാർദ്ധക്യകാല പെൻഷൻ | 103610200885 | 07.01.21 | 12500/- | 1/21-8/21 |
| 15 | രമേശൻ | വാർദ്ധക്യകാല പെൻഷൻ | 103610205145 | 21.01.21 | 11000/- | 2/21-8/21 |
| 16 | ജനാർദ്ദനൻ | വാർദ്ധക്യകാല പെൻഷൻ | 103610203534 | 26.01.21 | 12500/- | 1/21-8/21 |
| | | | | ആകെ | 1,52,200/- | |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് മരണശേഷം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് അക്കൌണ്ടിലേക്ക് കൈമാറുന്നതിനായി 15.09.21 ലെ പി-100/21 നമ്പരായി (ക്രമ നം. 1 മുതൽ 13 വരെയുള്ളവയ്ക്ക്) ബാങ്ക് അധികൃതർക്ക് കത്ത് നൽകി. 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണമടഞ്ഞതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച ആഗസ്റ്റ് 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാർഡ് ജനപ്രതിനിധികളുടേയും സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും കൂട്ടുത്തരവാദിത്തത്തിൽ മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മരണശേഷം പെൻഷൻ സസ്പെന്റ് ചെയുന്നതിനും മരണശേഷം അനുവദിച്ച പെൻഷൻ തിരികെ ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി നം - 17/15.09.21

1-7-3 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിൽ 17 ഗുണഭോക്താക്കൾ ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്നവരാണെന്ന് ധനകാര്യവകുപ്പ് കണ്ടെത്തിയതിനെ തുടർന്ന് ടി ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും ഈ വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത

തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരു് വിവരം | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|---|
| 1 | പങ്കജാക്ഷിയമ്മ (കർഷകതൊഴിലാളി പെൻഷൻ) | 103610100771 | 12/2010 മുതൽ 8/2020 വരെ | 58300/- |
| 2 | സരസ്വതി (വാർദ്ധക്യകാല പെൻഷൻ) | 103610201072 | 2/2015 മുതൽ 8/2020 വരെ | 58300/- |
| 3 | കുഞ്ഞമ്മ ചെറിയാൻ (വാർദ്ധക്യകാല പെൻഷൻ) | 103610201696 | 1/2015 മുതൽ 8/20 വരെ | 75900/- |
| 4 | കമലമ്മ അമ്മ (വാർദ്ധക്യകാല പെൻഷൻ) | 103610201868 | 1/2015 മുതൽ 8/2020 വരെ | 51400/- |
| 5 | രാധാമണി. എം (വാർദ്ധക്യകാല പെൻഷൻ) | 103610202369 | 1/2014 മുതൽ 8/2020 വരെ | 81200/- |
| 6 | സാറാമ്മ തോമസ് (വാർദ്ധക്യകാല പെൻഷൻ) | 103610202563 | 2/2015 മുതൽ 8/2020 വരെ | 53800/- |
| 7 | മാധവൻ. എൻ (വാർദ്ധക്യകാല പെൻഷൻ) | 103610202772 | 1/2015 മുതൽ 8/2020 വരെ | 41100/- |
| 8 | സുശീല. പി (വാർദ്ധക്യകാല പെൻഷൻ) | 103610202820 | 12/2015 മുതൽ 8/2020 വരെ | 48800/- |
| 9 | അന്നമ്മ മാത്യു (വാർദ്ധക്യകാല പെൻഷൻ) | 103610203415 | 1/2016 മുതൽ 8/2020 വരെ | 54100/- |
| 10 | സരസമ്മയമ്മ (വാർദ്ധക്യകാല പെൻഷൻ) | 103610203791 | 6/2016 മുതൽ 8/2020 വരെ | 56500/- |
| 11 | സുമംഗല (വാർദ്ധക്യകാല പെൻഷൻ) | 103610204072 | 3/2016 മുതൽ 8/2020 വരെ | 43400/- |
| 12 | സരസ്വതിഅമ്മ (വാർദ്ധക്യകാല പെൻഷൻ) | 103610204139 | 3/2016 മുതൽ 8/2020 വരെ | 43400/- |
| 13 | ഓമനയമ്മ. ആർ (വാർദ്ധക്യകാല പെൻഷൻ) | 103610204645 | 10/2016 മുതൽ 8/2020 വരെ | 36600/- |
| 14 | വി.ശശിധരൻ (വികലാംഗ പെൻഷൻ) | 103610400396 | 2/2011 മുതൽ 8/2020 വരെ | 78500/- |
| 15 | ഷീജ (വിധവ പെൻഷൻ) | 103610602361 | 11/2016 മുതൽ 8/2020 വരെ | 62100/- |
| 16 | ലളിതാബായി അമ്മ. പി (വിധവ പെൻഷൻ) | 103610602361 | 11/2016 മുതൽ 8/2020 വരെ | 47100/- |
| 17 | സുഭാഷിണി അമ്മ. ജെ (വിധവ പെൻഷൻ) | 103610602666 | 3/2019 മുതൽ 8/2020 വരെ | 2300/- |

| | | | | |
|---|---|---|---|---|
| | | | ആകെ | 8,92,800/- |

ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന വ്യകതികൾക്ക് കത്ത് ലഭിച്ച് 5 ദിവസത്തിനുള്ളിൽ തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് 25.03.21 ൽ പി-100/21 നമ്പരായി കത്ത് നൽകിയെങ്കിലും ഈ ഗുണഭോക്താക്കൾ തുക ഒടുക്കുകയോ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ടി വ്യക്തികൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 20/17.09.21

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54,900/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.
പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.
സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. (ഖണ്ഡിക 1-7 കാണുക).

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം മികവുറ്റതാക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് രേഖകളിൽ ബന്ധപ്പെട്ട കരാറുകളിൽ ഇ-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. നിർവ്വഹണത്തിലെ വീഴ്ചകൾ പരിഹരിക്കപ്പെടേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.02.2020 | 01/20 | 08.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.03.2019 | 2018-19 | 08.08.2019 |

1-11 ഡെയിലി കളക്ഷൻ തുക ഒടുക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി.

ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സന്തോഷ്. പിയുടെ 2019-20 വർഷത്തെ ഔട്ട്ഡോർ കളക്ഷൻ പരിശോധിച്ചതിൽ രസീത് ബുക്ക് നമ്പർ 116 പ്രകാരം 20.12.2019 തീയതിയിലെ 14 മുതൽ 35 വരെയുള്ള രസീതുകളുടെ ആകെ തുകയായ 4447/- രൂപയ്ക്ക് പകരം 3447/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. 1000/- രൂപ കുറവ് വന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ടിയാൻ 09/09/2021-ൽ 121040101890-ാം നമ്പർ രസീത് പ്രകാരം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററുകൾ പരിശോധന നടത്തി അപാകതകൾ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-12 ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

തനത്ഫണ്ട് അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ജി.ഒ.(എം.എസ്സ്) 245/2011/ത.സ്വ.ഭ.വ 13.10.2011 അനുസരിച്ച് സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് ഓർഡർ രേഖപ്പെടുത്താതെ സെക്രട്ടറിമാർ ബില്ലിൽ ഒപ്പിടരുതെന്നും ഓരോ ദിവസവും ക്യാഷ്ബുക്ക് സമ്മറി, ബാങ്ക്ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യേണ്ടതുമാണ്. ബാങ്ക്ബുക്കിൽ രേഖപ്പെടുത്താതെ തനതുഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്ന ചെക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 204890 | 5/08/2019 | 11630/- |
| 2 | 19929 | 17/10/2019 | 2746/- |
| 3 | 97699 | 22/10/2019 | 15000/- |
| 4 | ചെക്ക് നമ്പർ ലഭ്യമല്ല | 31/10/2019 | 48500/- |

| | | | |
|---|---|---|---|
| 5 | 202012 | 2/12/2019 | 197237/- |
| 6 | 2020 | 4/12/2019 | 15048/- |
| 7 | 2601 | 11/12/2019 | 21931/- |
| 8 | 19896 | 18/12/2019 | 11559/- |
| 9 | 26053 | 30/12/2019 | 3038/- |
| 10 | ചെക്ക് നമ്പർ ലഭ്യമല്ല | 1/02/2020 | 34000/- |
| 11 | 1056942 | 4/02/2020 | 18880/- |
| 12 | 2478 | 17/02/2020 | 15829/- |
| 13 | 202456 | 28/02/2020 | 13382/- |
| 14 | 1056894 | 19/09/2020 | 5524/- |
| 15 | 19886 | 13/11/2020 | 18725/- |
| ആകെ | | | 433,029/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ ചെലവഴിച്ച 433,029/-രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ ധന ഇടപാടുകൾ സാംഖ്യയിൽ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ ബോധ്യപ്പെടുത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 18/16.09.2021

1-13 മാനവൽ രസീതുകളും, പ്രിന്റഡ് രസീതുകളും സ്റ്റോക്ക് കൃത്യമല്ല.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ മാനവൽ രസീതുകളും, പ്രിന്റഡ് രസീതുകളും സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നതിലും ഉപയോഗത്തിനായി വിതരണം ചെയ്തവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും കൃത്യതയില്ല.

1-13-1 രസീതുകളുടെ സ്റ്റോക്കിൽ കൃത്യതയില്ല.

2019-20 വർഷത്തെ വൌച്ചർ പരിശോധിച്ചതിൽ മാനവൽ രസീതുകൾക്കും, പ്രിന്റഡ് രസീതുകൾക്കും ഗ്രാമലക്ഷ്മി മുദ്രാലയത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ.നം | വൌച്ചർ നം/തീയതി | തുക(രൂപ) | ചെക്ക് നം/തീയതി | ഇനം |
|---|---|---|---|---|
| 1 | 21900267/18.06.19 | 4337/- | 498167/18.06.19 | ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമായ സാംഖ്യ രസീത് വാങ്ങുന്നതിന് |
| 2 | 21900616/24.09.19 | 4337/- | 498177/23.09.19 | ഫ്രണ്ട് ഓഫീസിലേക്ക് ആവശ്യമായ സൂചിക രസീത് വാങ്ങുന്നതിന് |
| 3 | 21900911/11.11.19 | 3540/- | 498190/11.11.19 | മാന്വൽ രസീതുകൾ ഗ്രാമലക്ഷ്മിയിൽ നിന്ന് വാങ്ങുന്നതിന് |
| ആകെ | | 12214/- | | |

മേൽ വൌച്ചർ പ്രകാരം ചെലവഴിച്ച തുകകൾക്ക് ലഭ്യമായ രസീതുകളുടെ സീരിയൽ നമ്പർ,

രസീതുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വൌച്ചറുകൾ പ്രകാരമുള്ള തുകകളുടെ ഡി.ഡി നൽകുന്ന മുറയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും രസീതുകൾ പഞ്ചായത്തിലേക്ക് ലഭിക്കേണ്ടതാണ്. എന്നാൽ മേൽസൂചിപ്പിച്ചിരിക്കുന്ന ചെലവുകൾ നടന്ന മാസങ്ങളിലോ തൊട്ടടുത്ത മാസങ്ങളിലോ ക്രമനം. 1, 2 രസീതുകൾ സ്റ്റോക്കിൽ എടുത്തിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

രസീതുകളുടെ സീരിയൽ നമ്പരുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്റ്റോക്ക് വിവരം പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. വൌച്ചറിൽ 9000 എണ്ണം രസീതുകളുടെ വിലയായ 4337/-രൂപ നൽകുന്നു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ക്രമനം. 3 പ്രകാരം ഗ്രാമലക്ഷ്മിക്ക് നൽകിയിരിക്കുന്ന 3540/- രൂപ 30 രസീതുബുക്കുകളുടെ വിലയാണ് എന്ന് വൌച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ 25 രസീതുബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ശേഷിക്കുന്ന 5 രസീതുബുക്കുകൾ എന്ന് ലഭിച്ചു എന്ന് വ്യക്തമല്ല. ഇതു കൂടാതെ 07-01-20 ൽ ഡി.ഡി.പി ഓഫീസിൽ നിന്നും ലഭിച്ച 12051 മുതൽ 12075 വരെയുള്ള 25 രസീതുബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ഇവയ്ക്കായി തുക ചെലവഴിച്ച വൌച്ചർ വിശദാംശങ്ങൾ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രസീതുകൾ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ രസീത് ബുക്കിനായി ചെലവഴിച്ച 12214/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി നം - 15/14.09.21

## 1-13-2 സൂചിക രസീത് സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണം

ഇൻവേഡ് രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 17.08.2020 സ്റ്റോക്കിലെടുത്ത 333001 മുതൽ 342000 വരെയുള്ള രസീതുകളിൽ 333598 മുതൽ 341998 വരെയുള്ള രസീതുകൾ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. 8.09.21-ൽ നടത്തിയ സ്റ്റോക്ക് വേരിഫിക്കേഷനിൽ 339001 മുതൽ 341689 വരെയുള്ള രസീതുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. 17.08.2020 സ്റ്റോക്കിലെടുത്ത 333001 മുതൽ 342000 വരെയുള്ള രസീതുകളിൽ

04.01.2021 ൽ മാത്രമാണ് 333598 മുതൽ 333720 വരെയുള്ള രസീതുകൾ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. 333001 മുതൽ 333597 വരെയുള്ള രസീതുകൾ ഏതു രീതിയിൽ ഉപയോഗിച്ചു എന്നുള്ളതിന്റെ യാതൊരു വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രസീതുകൾ കൃത്യമായി സ്റ്റോക്കിൽ എടുക്കാത്തതിനും വിതരണം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 15/14.09.21

## 1-14 മോട്ടോർ ഫീസ് ഈടാക്കിയില്ല - ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ലൈസൻസ് ഫയൽ പരിശോധിച്ചതിൽ, മോട്ടോർ ഫീസ് ഒടുക്കാതിരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര്, മേൽവിലാസം | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | മോട്ടോർ ഫീസ് |
|---|---|---|---|---|
| 1 | അനൂപ്. എം. | എം. ആർ. ഓയിൽ മിൽസ് | 10 H.P | 100/- |

| | | | | |
|---|---|---|---|---|
| | തിരുവാതിര, കുറുമണ്ടൽ | | | |
| 2 | ലൈന, ചരുവിളവീട്, ഏഴിപ്പുറം | അപർണ ഫ്ലവർ മിൽ | 22 H.P | 300/- |
| ആകെ: | | | | 400/- |

Ⅱ. ചട്ടപ്രകാരമുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

ശ്രീ. ഗോപാലകൃഷ്ണകുറുപ്പ്, രാമകൃഷ്ണവിഹാർ, കല്ലുവാതുക്കൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള G.K ഇൻഡസ്ട്രീസ് (മെറ്റൽ ക്രഷർ യൂണിറ്റ്) എന്ന സ്ഥാപനത്തിൽ 150 H.P യുടെ യന്ത്രം ഉപയോഗിക്കുന്നതായി ടിയാന്റെ അപേക്ഷയിലും ലൈസൻസ് ഫയലിലും രേഖപ്പെടുത്തിയിരിക്കുന്നു. 150 H.P യന്ത്രത്തിന് മോട്ടോർ ഫീസ് ആയി ഒടുക്കിയിരിക്കുന്നത് 1000/- രൂപയാണ്.

2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം Ⅱ (3)-ൽ പട്ടിക 3 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മേൽപ്പറഞ്ഞ യന്ത്രത്തിന് ഈടാക്കേണ്ടിയിരുന്നത് 2000/- രൂപയാണ്.

മോട്ടോർ ഫീസ് അടവാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 1000/- രൂപ 121040101998 എന്ന രസീത് നമ്പർ പ്രകാരം 14/09/2021 തീയതിയിലും 100/- രൂപ, 300/- രൂപ എന്നിവ യഥാക്രമം 121040102003, 121040102004 എന്നീ രസീത് നമ്പർ പ്രകാരം 15/09/2021 തീയതിയിലും ഒടുക്ക് വരുത്തിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത്തരത്തിൽ അപാകതകൾ വരാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 06/09.09.2021

1-15 തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന അനിവാര്യം - വൈദ്യുത ചാർജ്ജിനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു.

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ലാത്തതിനാൽ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

കൺസ്യൂമർ നമ്പർ - 11457770176626

| ഇനം | എണ്ണം | വാട്ട്സ് |
|---|---|---|
| ഓർഡിനറി ബൾബ് | 26 | 60W |
| മെർക്കുറിലാമ്പ് | 7 | 250W |
| SVL | 4 | 250W |
| സി.എഫ്.എൽ | 817 | 22W |
| സി.എഫ്.എൽ | 730 | 44w |
| ഫ്ലൂറസെന്റ് ലാമ്പ് | 866 | 40w |
| ഫ്ലൂറസെന്റ് ലാമ്പ് | 510 | 80w |
| ഫ്ലൂറസെന്റ് ലാമ്പ് | 240 | 40w |

| | | |
|---|---|---|
| LED | 51 | 90w |
| LED | 17 | 90w |

ഇപ്പോൾ നിലവിലില്ലാത്ത സാധാരണ ബൾബിന്റെ വൈദ്യുതി ചാർജ്ജും കെ.എസ്.ഇ.ബി നൽകിയ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത് അംഗീകരിക്കാൻ കഴിയില്ല. മേൽസൂചിപ്പിച്ചിരിക്കുന്ന തെരുവ് വിളക്കുകളുടെ (കൺസ്യൂമർ നമ്പർ - 1145770176626) 2020 മാർച്ച് മാസത്തെ വൈദ്യുതിചാർജ് 2,49,816/-രൂപയാണ്. (ചെക്ക്നം. 5917737/6.03.20). ഇവ കൂടാതെ പാരിപ്പള്ളി ഡിവിഷനിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകൾക്കും വൈദ്യുതിചാർജ് ഒടുക്കുന്നുണ്ട്. ആയതിനാൽ എത്രയും വേഗം സംയുക്ത പരിശോധന നടത്തി കണക്കുകൾ കൃത്യമാക്കുന്നതിനും ഈ പ്രദേശങ്ങളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി ഉപയോഗിക്കുന്ന തെരുവുവിളക്കുകൾക്ക് മാത്രം തുക ഒടുക്കുന്നതിനും അധികാരികൾ ശ്രദ്ധിയ്ക്കേണ്ടതും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ക്ലാസ് മുറികളിലെ ഫാൾസ് സീലിംഗ് പ്രവൃത്തിയിലെ തകരാർ - മോണിറ്ററിംഗ് നടത്തിയില്ല

പ്രോജക്ട് നം. – 276/20 –കല്ലുവാതുക്കൽ എൽ. പി. എസ് – മേൽക്കൂര മാറ്റലും ചുറ്റമതിലും
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
പേര് - ശ്രീ. സന്തോഷ് കുമാർ. ആർ.
അടങ്കൽ തുക - 8,00,000/ രൂപ - (തനത് ഫണ്ട്)
കരാറുകാരൻ - ശ്രീ. ഷിഹാദ് ജെ. എസ്., സാലിഹ മൻസിൽ, തഴവ
എഗ്രിമെന്റ്നം. – 145/AE/എൽ.എസ്.ജി.ഡി/കെ. വി. കെ. എൽ./18-19/08.03.2019
ടി.എസ്.നം. – 109071/18-19, തീ.13.01.2019
എം.ബുക്ക് നം. – 153/18-19
ചെക്ക് നം. - 5917063/22.07.2019
പ്രവൃത്തിമൂല്യം : 7,86,954/-രൂപ
ആകെ നികുതി ഇനത്തിൽ 29,794/-രൂപ കുറവ് ചെയ്ത് കരാറുകാരന് അനുവദിച്ച തുക- 7,57,160/-രൂപ

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അധിക ഇനം 1 ആയി 258.90 എം.2 അളവിൽ പി. വി. സി പ്ലെയിൻ പാനൽ ബോർഡ് സീലിംഗ് അലുമിനിയം ഫ്രേമിൽ ഉറപ്പിക്കുന്നതിന് എം.2-ന് 555.25 /-രൂപ നിരക്കിൽ 1,45,781/- രൂപ വകയിരുത്തുകയും തത്തുല്യമായ അളവിന്റെ അടിസ്ഥാനത്തിൽ എം.ബുക്ക് പേജ് 35 പ്രകാരം 1,43,754/-രൂപ (1.39 % ടെണ്ടർ കിഴിവ് )കരാറുകാരന് അനുവദിച്ചു. 9.09.2021–ന് നടത്തിയ സ്ഥലപരിശോധനയിൽ ഒരു ക്ലാസ് മുറിയിൽ മൂന്ന് പി. വി. സി. പാനൽ ബോർഡുകൾ ഇളകി വീണ നിലയിലും മറ്റ് മുറികളിൽ പല സ്ഥലങ്ങളിലും പാനലുകൾക്ക് സ്ഥാന ചലനം വന്നതായും കണ്ടു. അലുമിനിയം ഫ്രേയിം സ്ഥാപിച്ചതിലെ അപാകത പ്രഥമ ദൃഷ്ട്യാ ബോധ്യപ്പെട്ടു. പ്രവൃത്തിയുടെ മേൽനോട്ട ചുമതല നിർവ്വഹിച്ചതിലും മോണിറ്ററിംഗിലും വീഴ്ച വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സ്കൂൾ അടഞ്ഞുകിടന്നതിനാൽ, ജീവികളുടെ ശല്യം നിമിത്തമാണ് ഇവ ഇളകി വീണതെന്നും, നിലവിൽ ഇവ കരാറുകാരൻ മാറ്റി സ്ഥാപിച്ചുവെന്നുമാണ് അറിയിച്ചിട്ടുള്ളത്.
നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളുടേയും ഗുണമേന്മ ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിലും ചുമതലപ്പെട്ടവർ ശ്രദ്ധപുലർത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 10 /13.09.2021

## 1-17 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2019-2020 സാമ്പത്തിക വർഷത്തിൽ 1452 കുടുംബങ്ങൾക്കായി 89779 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 272 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 2,75,69,509/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും/മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. പൊതു സ്ഥലങ്ങളിൽ ഫലവൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്ന പ്രോജക്ടുകളിൽ തുടർ പരിപാലനം ഉറപ്പ് വരുത്തിയിട്ടില്ല.
6. ഭവന നിർമ്മാണ പ്രവൃത്തികളിൽ വിവിധ സ്റ്റേജുകളായി നടത്തുന്ന പ്രവൃത്തികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വി. ഇ. ഒ. യിൽ നിന്നും സാക്ഷ്യപ്പെടുത്തൽ വാങ്ങുന്നില്ല.
7. ലൈഫ് ഭവനം, കിണർ, തൊഴുത്ത് നിർമ്മാണം, കോൺക്രീറ്റ് റോഡ് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.
8. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
9. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
11. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്.

പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളൊ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

തൻ വർഷം അസി. എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ, രേഖപ്പെടുത്തിയ ആസ്തികളുടെ യൂണീക്ക് ഐഡി നമ്പർ തെറ്റായോ അല്ലെങ്കിൽ 1 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (ഉദാ : 1. വേളമാനൂർ തെക്കുംകര അമ്പരവട്ടം ഏല റോഡ് കോൺക്രീറ്റ് – വാർഡ് 6, 2. പരവൂർ പാരിപ്പള്ളി റോഡിൽ നിന്നും അക്കാഡമി ജം. കോലായിൽ വഴി ജ്യോത്സ്യർ റോഡ് കോൺക്രീറ്റ് വാർഡ്– 16 – രണ്ടു പ്രവൃത്തികൾക്കും ഒരേ നമ്പർ രേഖപ്പെടുത്തിയിരിക്കുന്നു)ആസ്തി രജിസ്റ്റർ പരിശോധിച്ച് ആസ്തികൾ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് എൽ. എസ്. ജി. ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

ഓഡിറ്റ് അന്വേഷണം : 1/06.09.2021

### 1-19 സെന്റേജ് ചാർജ് അധികമായി നൽകി

| | |
|---|---|
| പദ്ധതി | എസ്.0015/20 – പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 45,22,000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്- 30,22,000/-<br>തനതു ഫണ്ട്- 15,00,000/-) |
| ചെലവ് | 40,00,000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്-25,22,000/- ബിൽ നം.34/19-20, 22.11.19,<br>തനതു ഫണ്ട്- 14,78,000/-, ചെക്ക് നം.202465/12.2.2020) |
| നിർവഹണം | സെക്രട്ടറി |

എഴിപ്പുറം, ചാവർകോട്, അടുതല, വരിഞ്ഞം, കല്ലുവാതുക്കൽ ടൗൺ, നടയ്ക്കൽ, ചിറക്കര, പാമ്പുറം, കുളത്തൂർക്കോണം, ഇ.എസ്.ഐ, പാരിപ്പള്ളി ടൗൺ, മീനമ്പലം, കരിമ്പാലൂർ എന്നീ വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പൈപ്പ് ലൈൻ നീട്ടുന്നതിനായി വാട്ടർ

അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്ത പദ്ധതിയാണിത്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജ് 10% ഈടാക്കിയിരിക്കുന്നു.ഈ പദ്ധതിയുടെ ആകെ പ്രവർത്തി മൂല്യം 32,75,789.25/-രൂപ ആണ്. ഈ തുകയുടെ 10% ആയ 327578.93/-രൂപയാണ് സെന്റേജ് ചാർജായി ഈടാക്കിയിരിക്കുന്നത്.

എന്നാൽ ജി.ഒ (പി) നം.95/2017 ധന, 25.7.2017 പ്രകാരം ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവർത്തികളുടെ സെന്റേജ് ചാർജ് 8% ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം ഈടാക്കേണ്ടിയിരുന്ന സെന്റേജ് ചാർജ് 8% നിരക്കിൽ 262,063.14/-രൂപയാണ്. അധികമായി നൽകിയ സെന്റേജ് ചാർജ് 65,515.79/-രൂപ. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 32,75,789.25/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.19/ 16.9.2021

## 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ 3,73,093/-രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതിയുടെ പേര്/അടങ്കൽ തുക | ചെലവഴിച്ച തുക/തടസ്സപ്പെടുത്തുന്ന തുക (രൂപ) | കാരണം |
|---|---|---|---|
| 1 | 337/20, പി.എം.എ.വൈ.വിഹിതം നല്കൽ, വികസനഫണ്ട് എസ്.സി.പി | 140000/- (ബിൽ നം. 13/31-3-20) | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്, ഹാജരാക്കിയിട്ടില്ല. |
| 2 | 158/20 കുടിവെള്ളത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ – ജില്ലാപഞ്ചായത്ത് സംയുക്തം വികസനഫണ്ട് എസ്.സി.പി 2404300/- (ചെലവഴിച്ചത് 233093/-), ജില്ലാപഞ്ചായത്ത് 23750000 /-തനത്ഫണ്ട് 95700/- | 233093/-(ബിൽ നം 8/22-1-20) | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 373093/- | |

## 1-21 സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം നൽകൽ- രേഖകൾ ലഭ്യമല്ല

| | |
|---|---|
| പദ്ധതി | എസ്.0029/20 – സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം നൽകൽ |
| അടങ്കൽ | 1,00,000/-രൂപ ( വികസന ഫണ്ട്) |
| ചെലവ് | 1,00,000/-രൂപ (ബിൽ നം. 15/19-20, 20.7.2019) |
| നിർവഹണം | സെക്രട്ടറി |

സ.ഉ (സാധാ) നം.1209/13, ത.സ്വ.ഭ.വ 6.5.2013 അടിസ്ഥാനമാക്കി 2019-20 വർഷം നടപ്പാക്കിയ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ ഗുരുതര രോഗം ബാധിച്ച എത്ര പേർക്ക് പ്രയോജനം

ലഭിച്ചിട്ടുണ്ടെന്നും മേൽ പരാമർശിത ഉത്തരവിൽ രേഖപ്പെടുത്തിയ പ്രകാരം അനാഥക്കുഞ്ഞുങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ യാതൊന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരീക്ഷണ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എത്രത്തോളം പഞ്ചായത്തിലെ സാധാരണക്കാർക്ക് പ്രയോജനപ്പെട്ടുവെന്നത് സംബന്ധിച്ച് യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ലാത്തത് തികച്ചും നിരുത്തരവാദപരമായ സമീപനമാണ്. കമ്മിറ്റി ഈ വിഷയം പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/ 6.9.2021

1-22 എസ്.0003/20- ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതി | എസ്.0003/20- ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം |
| അടങ്കൽ | 1,76,470/-രൂപ (വികസന ഫണ്ട്) |
| ചെലവ് | 1,76,470/-രൂപ (ബിൽ നം.22/19-20, 7.9.2019 ) |
| നിർവഹണം | സെക്രട്ടറി |

ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,76,470/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/ 6.9.2021

1-23 ജീവനം ഡയാലിസിസ് - രേഖകൾ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പദ്ധതി | എസ്.0013/20- ജീവനം ഡയാലിസിസ് – ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 50,000/-രൂപ |
| ചെലവ് | 50,000/-രൂപ (ബിൽ നം.24/19-20, 24.9.2019) |
| നിർവഹണം | സെക്രട്ടറി |

2019-20 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഈ പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.8.2019 ലെ എ/2-999/2019 നം. കത്തിൽ ജീവനം-കിഡ്നി വെൽഫയർ ഫൗണ്ടേഷൻ പദ്ധതി വിഹിതം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. – 2/ 6.9.2021

1-24 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടക കുടിശ്ശിക ഉള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിങ് കോംപ്ലക്സ് | വാടകക്കാരന്റെ പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/മാസം | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സ് | ലീല, സിന്ധു മന്ദിരം, ചാത്തന്നൂർ | 1A | 2188*12 | 26256/- |
| | | ദിനേശ്, സിന്ധു ഭവൻ, | 2A | 1094*8 | 8752/- |

| | | | | | |
|---|---|---|---|---|---|
| | | ചാത്തന്നൂർ | | | |
| | | ദിലീപ്, മനമേലേ കിഴക്കതിൽ, താഴം, ചാത്തന്നൂർ | 3A | 1064*12 | 12768/- |
| 2 | പാരിപ്പള്ളി പഴയ ഷോപ്പിങ് കോംപ്ലക്സ് | രാജേന്ദ്രൻ, ആരോമൽ ഭവൻ, പാമ്പുറം | 869 | 17383*12 | 208596/- |
| | | റ്റി.കെ.ഭാസ്കരൻ, സൂചിക്കഴികം, കോങ്ങൽ, കോട്ടപ്പുറം, പരവൂർ | 876 | 9006*12 | 108072/- |
| 3 | പാരിപ്പള്ളി പുതിയ ഷോപ്പിങ് കോംപ്ലക്സ് (ഒന്നാം നില) | ജയചന്ദ്രൻ, ജയമന്ദിരം, തെറ്റിക്കുഴി, പാരിപ്പള്ളി | C1 | 2838*12 | 34056/- |
| | | ബൈജു, പത്മാലയം, പുത്തൻകുളം | C2 | 1288*12 | 15456/- |
| | | പ്രിയ.എസ്.വി. ജയഭവൻ (ലാലാസ്), പാരിപ്പള്ളി | C5 | 1357*12 | 16284/- |
| | | പ്രിയ.എസ്.വി. ജയഭവൻ (ലാലാസ്), പാരിപ്പള്ളി | C6 | 1877*12 | 22524/- |
| | | പ്രിയ.എസ്.വി. ജയഭവൻ(ലാലാസ്), പാരിപ്പള്ളി | C7 | 3015*4 | 12060/- |
| | | സവിതാറോയി, കളത്രവീട്, കോട്ടയ്ക്കേറം | C8 | 1958*12 | 23496/- |
| | | സവിതാറോയി, കളത്രവീട്, കോട്ടയ്ക്കേറം | C9 | 1715*12 | 20580/- |
| | | ബൈജു, പത്മാലയം, പുത്തൻകുളം | C10 | 1290*12 | 15480/- |
| | | ജോഷ്, ഹരിനിവാസ്, ഹരിഹരപുരം | C11 | 1626*12 | 19512/- |
| 4 | കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സ് (ഒന്നാം നില) | അശോകൻപിള്ള, വാറുവിളവീട്, പുത്തൻവീട്, നടയ്ക്കൽ | A8 | 3282*12 | 39384/- |
| | ആകെ | | | | 583276/- |

മുൻ വർഷങ്ങളിലെ വാടക കുടിശ്ശികയുടെ വാടക കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിങ് കോംപ്ലക്സ് | വാടകക്കാരന്റെ പേര്, മേൽവിലാസം | കടമുറി നമ്പർ | കുടിശ്ശിക (രൂപ) | കാലയളവ് |
|---|---|---|---|---|---|
| 1 | പാരിപ്പള്ളി പഴയ ഷോപ്പിങ് കോംപ്ലക്സ് | ശ്രീധരൻ, താന്നിവിളവീട്, പള്ളിവിള, പാരിപ്പള്ളി | 867 | 1768/- | 2016-17 |
| | | | | 41832/- | 2017-18 |
| | | | | 43920/- | 2018-19 |
| | | രാജേന്ദ്രൻ, ആരോമൽ ഭവൻ, പാമ്പുറം | 869 | 124490/- | 2018-19 |
| | | റ്റി.കെ.ഭാസ്കരൻ, സൂചിക്കഴികം, | | 63504/- | 2014-15 |

| | | | | | |
|---|---|---|---|---|---|
| | | കോങ്ങൽ, കോട്ടപ്പുറം, പരവൂർ | 876 | 88908/- | 2015-16 |
| | | | | 93348/- | 2016-17 |
| | | | | 98016/- | 2017-18 |
| | | | | 102912/- | 2018-19 |
| 2 | പാരിപ്പള്ളി പുതിയ ഷോപ്പിങ് കോംപ്ലക്സ്(ഒന്നാം നില) | ജയചന്ദ്രൻ, ജയമന്ദിരം, തെറ്റിക്കുഴി, പാരിപ്പള്ളി | C1 | 30900/- | 2017-18 |
| | | | | 32436/- | 2018-19 |
| 3 | കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സ് | അശോകൻപിള്ള, വാറുവിള പുത്തൻവീട്, നടയ്ക്കൽ | A8 | 2977/- | 2017-18 |
| | | | | 37512/- | 2018-19 |

പാരിപ്പള്ളി പഴയ ഷോപ്പിങ് കോംപ്ലക്സിലെ 865, 865(A), നമ്പർ കടമുറികളും, കല്ലുവാതുക്കൽ ഷോപ്പിങ് കോംപ്ലക്സിലെ B2, B8, B9 എന്നീ കടമുറികളും ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു.

പാരിപ്പള്ളി പഴയ ഷോപ്പിങ് കോംപ്ലക്സിലെ 859-ാം നമ്പർ കടമുറി റ്റി.വി പത്മനാഭൻ എന്ന വ്യക്തിക്ക് ലേലം ചെയ്തു നല്കിയിരുന്നതാണ്. ടിയാന്റെ മരണശേഷം 1/1/2020- മുതൽ വാടക ഒടുക്കുന്നില്ലെന്ന് കണ്ടു. എന്നാൽ ടി കടമുറി ഇപ്പോഴും പ്രവർത്തിക്കുന്നതായും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഉള്ള വാടക ഈടാക്കി എത്രയും വേഗം തന്നെ ഒടുക്കുവരുത്തേണ്ടതാണ്. ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ പുനർലേലം ചെയ്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. – 08/10.09.2021

1-25 ലേലതുക നാളിതുവരെ അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ, പാരിപ്പള്ളി പബ്ലിക് മാർക്കറ്റിനുള്ളിലെ കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം 1,50,100/- രൂപയ്ക്ക് ലേലം കൈക്കൊണ്ട സജു, സജുഭവൻ, പാരിപ്പള്ളി എന്ന വ്യക്തി ലേല ഇനത്തിലെ മുഴുവൻ തുകയും ഒടുക്ക് വരുത്തിയിട്ടില്ല. 10,000/- രൂപ നിരതദ്രവ്യവും ലേല ഇനത്തിൽ ആദ്യ ഗഡുവായി 39,000/- രൂപയും മാത്രമാണ് ഒടുക്കിയിട്ടുള്ളത്. ബാക്കി തുകയായ 1,28,118/- രൂപ (GST ഉൾപ്പടെ) ഇതുവരെ ഒടുക്ക് വരുത്തിയതായി ബോധ്യപ്പെട്ടിട്ടില്ല. തുക അടവാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാലൻസ് തുക ഇതുവരെ അടവാക്കാതിരുന്നത് ബോധ്യപ്പെട്ടെന്നും ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലേല നിബന്ധനകൾ പ്രകാരം യഥാസമയം ഒടുക്കുവരുത്താതിരുന്ന ലേലത്തുക പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം:- 14/14.09.21
വരവിനത്തിലെ നഷ്ടം:- 128118/-രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 06.09.2021 | KSA/KLM/P5/1356/2021 Dtd. 11.02.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 150000/- | വാഴപ്പള്ളി ഇണ്ടിളയപ്പൻ ക്ഷേത്രം റോഡ് കോൺക്രീറ്റ് വാർഡ് 2 | 150000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 425000/- | സമഗ്ര നെൽകൃഷി വികസനം | 425000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 250000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 250000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 2553464/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 2553464/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 1500000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1500000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 400000/- | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോർഷിപ്പ് | 400000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 1500000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1500000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 2003208/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 2003208/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 1000000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1000000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 250000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 250000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 2560000/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 2560000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 50000/- | റോഡു വിള ജം മുതൽ വാവനംവിള വീട്ടു വാതുക്കൽ വരെ ചെറു കോണത്തു ഏലാ റോഡ് കോൺക്രീറ്റ് വാർഡ് 22 | 50000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019/20 | 1540000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1540000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 4913972/- | ലൈഫ് ഭവന നിർമ്മാണം എസ് സി | 4913972/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.15/20 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 219001399 | 1478000/- | 0 | 478000/- |
| | | 219001520 | 2522000/- | 0 | 2522000/- |
| കേരള വാട്ടർ അതോറിട്ടി | പ്രോ.നം.158/20 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 219001518 | 233093/- | 0 | 233093/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,74,00,000/-രൂപ വരവുണ്ട്. മുൻബാക്കി 68,80,000/- രൂപയടക്കം 2,42,80,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്സ്) 2278/18/ തസ്വഭവ തീയതി.13.08.2018 | 1,74,00,000/- | 48554132/- | 5117647/- | | 60836485/- |

* തിരിച്ചടയ്ക്കാൻ ശേഷിയ്ക്കുന്ന തുകയും ബാലൻസ് ഷീറ്റും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി ഉൾപ്പെടുത്തിയിട്ടുള്ള തുകയും തമ്മിൽ 1187192/-രൂപയുടെ വ്യത്യാസമുണ്ട്. അപാകത ഖണ്ഡിക 1-2-1 (1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,45,84,343/- |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 30,98,658/- |
| ആകെ | 3,76,83,001/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇളംകുളം സർവ്വീസ് സഹകരണ ബാങ്ക് | 1.12.19 | 1.12.20 | 1427666/- | - |
| 2 | നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 23.10.19 | 23.10.20 | 20000000/- | - |
| 3 | ഇൻഡ്യൻ ബാങ്ക്, പാരിപ്പള്ളി | 1.3.20 | 18.5.21 | 5000000/- | - |
| 4 | എസ് ബി ഐ, വേളമാനൂർ | 6.7.20 | 6.7.21 | 1000000/- | - |
| 5 | ഫെഡറൽ ബാങ്ക്, കല്ലുവാതുക്കൽ | 18.3.20 | 18.9.21 | 990563/- | - |
| 6 | ഗ്രാമീൺ ബാങ്ക്, കല്ലുവാതുക്കൽ | 13.3.20 | 13.3.21 | 2000000/- | - |
| 7 | കാനറ ബാങ്ക് | 8.7.19 | 8.7.20 | 1800000/- | |
| ആകെ | | | | 32218229/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1218/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2007-08 | 3-15 | 215/- | ശ്രീ.രാജേന്ദ്രക്കുറുപ്പ്, മുൻസെക്രട്ടറി | 119040102500/11.6.2019 |
| 20017-08 | 3-2 | 25/- | ശ്രീമതി.തങ്കമണി, മുൻസെക്രട്ടറി | 119040102521/11.06.2019 |
| 2010-11 | 3-3 | 498/- | ശ്രീ.സുന്ദരേശൻപിള്ള, മുൻസെക്രട്ടറി | 119040102521/11.06.2019 |
| 2010-11 | 3-1 | 480/- | ശ്രീ.ഗോപകുമാർ, മുൻസെക്രട്ടറി | 119040102498/11.06.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3.11.7 | നിക്ഷേപ പ്രവൃത്തികൾ വിനിയോഗ | |

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തികരിച്ചിട്ടില്ല | സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് |
| 2007-08 | 3-7 | 2010-11 | 5.2.5 | തൊഴിൽ പരിശീലനം തുക തിരിച്ചടവ് | തുക തിരിച്ചടച്ചു |
| 2008-09 | 3-3 | 2011-12 | 2.4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | തുക തിരിച്ചടച്ചു |
| 2015-16 | 2-2 | 2016-17 | 3.13 | അധിക പെർമിറ്റ് ഫീസ് ഈടാക്കാതെ ഓഡിറ്റോറിയത്തിന് നമ്പർ അനുവദിച്ചു നൽകി | നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | 3.8 | ഒരു നില പണിയുന്നതിനായി പഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടിയ ശേഷം മൂന്ന് നില കെട്ടിടം പണിതുയർത്തി | നിലനിൽക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <*പഞ്ചായത്ത് *> ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 4,33,029/- | ശ്രീമതി.നസീമ.വി.എഫ്, സെക്രട്ടറി |
| 1-13-1 | 12,214/- | ശ്രീമതി.നസീമ.വി.എഫ്, സെക്രട്ടറി |
| 1-19 | 32,75,789/- | ശ്രീമതി.നസീമ.വി.എഫ്, സെക്രട്ടറി |
| 1-20 | 3,73,093/- | ശ്രീമതി.നസീമ.വി.എഫ്, സെക്രട്ടറി |
| 1-22 | 1,76,470/- | ശ്രീമതി.നസീമ.വി.എഫ്, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-7-2 | 1,52,200/- |
| 1-7-3 | 8,92,800/- |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-7-2 | 1,52,200/- |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നസീമ.വി.എഫ്, സെക്രട്ടറി | സർവീസിൽ നിന്നും വിരമിച്ചു | വാഴവിള വീട്, പയ്യാക്കോട്, ഓയൂർ.പി.ഒ 691510 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ എസ് എ കെ എൽ എം-പി 5/413(1)/18, തീ. 20.3.18 | 6 |
| 1998-99 | കെ എസ് എ കെ എൽ എം-പി 5/413(2)/18, തീ. 20.3.18 | 4 |
| 1999-00 | കെ എസ് എ കെ എൽ എം-പി 5/413(3)/18, തീ. 20.3.18 | 2 |
| 2000-01 | കെ എസ് എ കെ എൽ എം-പി 5/413(4)/18, തീ. 20.3.18 | 7 |
| 2001-02 | കെ എസ് എ കെ എൽ എം-പി 5/413(5)/18, തീ. 20.3.18 | 2 |
| 2003-04 | കെ എസ് എ കെ എൽ എം-പി 5/413(6)/18, തീ. 20.3.18 | 4 |
| 2004-05 | കെ എസ് എ കെ എൽ എം-പി 5/413(7)/18, തീ. 20.3.18 | 2 |
| 2005-06 | കെ എസ് എ കെ എൽ എം-പി 5/413(8)/18, തീ. 20.3.18 | 3 |
| 2006-07 | കെ എസ് എ കെ എൽ എം-പി 1/1237(12)/14, തീ. 20.6.14 | 14 |
| 2007-08 | കെ എസ് എ കെ എൽ എം-പി 1/1237(13)/14, തീ. 20.6.14 | 14 |
| 2008-09 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ. 20.06.14 | 16 |
| 2009-10 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ. 20.06.14 | 14 |
| 2010-11 | എൽ. എഫ്. ക്യൂ. പി 1/1237/14, തീ. 20.06.14 | 10 |

| | | |
|---|---|---|
| 2011-12 | എൽ. എഫ്. ക്യു. പി 1/1538/14, തീ. 12.8.14 | 11 |
| 2012-13 | എൽ. എഫ്. ക്യു. പി 1/496/15, തീ. 3.9.15 | 19 |
| 2013-14 & 2014-15 | കെ.എസ്.എ.കെഎൽഎംപി1/2273/15, തീ. 16.10.17 | 31 |
| 2015-16 | കെ.എസ്.എ.കെഎൽഎം/പി1/218/17 തീ. 17.1.18 | 27 |
| 2016-17 | കെ.എസ്.എ.കെഎൽഎം/പി 5/477/18 | 20 |
| 2017-18 | കെ.എസ്.എ.കെഎൽഎം/പി 5-273/19 തീ. 30.4.19 | 16 |
| 2018-19 | കെ.എസ്.എ.കെഎൽഎം/പി 5-1413/19 തീ. 01.11.19 | 17 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്